## പ്രധാന വാർത്തകൾ

1) പൗരത്വ ഭേദഗതി നിയമം - 2026 സംബന്ധിച്ച വിജ്ഞാപനം കേന്ദ്ര സർക്കാർ പുറത്തിറക്കി. OCI കാർഡ്, പൗരത്വ അപേക്ഷകൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകളിൽ മാറ്റം.

   **Government notifies Citizenship (Amendment) Rules, 2026, introducing revised provisions related to OCI cardholders and citizenship applications.**

2) കേരളത്തിൽ 16-ാം നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിന് ഇനി മൂന്ന് ദിവസം. അസം, പശ്ചിമ ബംഗാൾ, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിലും വിധിയെഴുത്ത് തിങ്കളാഴ്ച.

   **Only three days remaining for Kerala Assembly election results. The election counting in Assam, West Bengal, Tamil Nadu, and Puducherry will also take place on Monday.**

3) സംസ്ഥാനത്ത് വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ. 43 ഇടങ്ങളിലായി 140 വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജം.

**The Chief Electoral Officer said that preparations for counting in the state have been completed. A total of 140 counting centers have been set up across 43 locations**

4) **പശ്ചിമ ബംഗാളിലെ 15 വോട്ടെടുപ്പ് കേന്ദ്രങ്ങളിൽ നാളെ റിപ്പോളിംഗ് നടത്താൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ടു.**

**The Election Commission ordered for repolling in 15 polling Stations of West Bengal. Re-polling will be held tomorrow.**

5) **കേരളത്തിൽ ചൊവ്വാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യത. ഇടുക്കി മംഗളാദേവി ക്ഷേത്രോത്സവത്തിനിടെ ഇടിമിന്നലേറ്റ് എട്ട് പേർക്ക് പരിക്ക്**

**Rain accompanied by thunder and lightning is likely in Kerala till Tuesday. Eight people were injured after being struck by lightning during the Mangala Devi temple festival in Idukki.**

6) **14 ദശലക്ഷം ഡോളറിലേറെ മൂല്യമുള്ള 657 മോഷ്ടിക്കപ്പെട്ട പുരാവസ്തുക്കൾ ഇന്ത്യയ്ക്ക് തിരികെ നൽകി അമേരിക്ക**

**US returns 657 stolen artifacts valued at nearly 14 million dollars to India.**

## ELECTION COUNTING

കേരളത്തിൽ 16-ാം നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ തിങ്കളാഴ്ച നടക്കും. 140 മണ്ഡലങ്ങളിൽ കഴിഞ്ഞ മാസം 9 നാണ് വോട്ടെടുപ്പ് നടന്നത്. തികഞ്ഞ വിജയ പ്രതീക്ഷയിലാണ് സ്ഥാനാർത്ഥികളും മുന്നണികളും. വോട്ടെണ്ണലിനായി വിപുലമായ ക്രമീകരണങ്ങളാണ് ഇത്തവണ തിരഞ്ഞെടുപ്പ് കമ്മീഷൻ ഒരുക്കുന്നത്. ഇതിന്റെ ഭാഗമായി വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ അനധികൃത പ്രവേശനം തടയുന്നതിന് ക്യുആർ കോഡ് അധിഷ്ഠിതമായ പുതിയ സംവിധാനം

നടപ്പാക്കും. കേരളത്തിന് പുറമെ തിരഞ്ഞെടുപ്പ് നടന്ന പശ്ചിമ ബംഗാൾ, അസം, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിലും തിങ്കളാഴ്ചയാണ് വോട്ടെണ്ണൽ.

## KERALA ELECTION

സംസ്ഥാനത്ത് വോട്ടെണ്ണലിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി മുഖ്യ തെരഞ്ഞടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. 43 സ്ഥലങ്ങളിലായി 140 കേന്ദ്രങ്ങളിലാണ് വോട്ടെണ്ണൽ നടക്കുന്നത്. ആകെ 15,465 ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. പോസ്റ്റൽ ബാലറ്റുകളാണ് ആദ്യ എണ്ണുക. തുടർന്ന് ഇ.വി.എമ്മുകളിലേക്ക് കടക്കും. ഒരു റൗണ്ടിൽ പരമാവധി 14 ബൂത്തുകളിലെ ഇ.വി.എമ്മുകളാണ് എണ്ണുന്നത്.

## EC-REPOLL

പശ്ചിമ ബംഗാളിലെ 15 പോളിംഗ് കേന്ദ്രങ്ങളിൽ റിപ്പോളിംഗ് നടത്താൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ടു. മാഗ്രാ ഹാഥ് പശ്ചിമ മണ്ഡലത്തിലെ 11 ബൂത്തുകളിലും, ഡയമണ്ട് ഹാർബറിലെ 4 ബൂത്തുകളിലുമാണ് റീപോളിംഗ് നടക്കുക. നാളെ രാവിലെ 7 മുതൽ വൈകിട്ട് 6 വരെ വോട്ട് ചെയ്യാൻ അവസരമുണ്ടാകും. തിരഞ്ഞെടുപ്പ് നിരീക്ഷകർ, വരണാധികാരികൾ എന്നിവരുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലാണ് റിപ്പോളിംഗ്.

## COUNTING WEST BENGAL

നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിന് മുന്നോടിയായി പശ്ചിമ ബംഗാളിൽ സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കി. വോട്ടെണ്ണൽ നടക്കുന്ന 77 കേന്ദ്രങ്ങളിൽ 1,850 സുരക്ഷാ ഉദ്യോഗസ്ഥരെ വിന്യസിച്ചു. സിസിടിവി ഉൾപ്പെടെയുള്ള ത്രിതല സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. വോട്ടെണ്ണൽ കേന്ദ്രങ്ങളുടെ 100 മീറ്റർ പരിധിയിൽ വാഹനങ്ങൾ അനുവദിക്കില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. കൂടാതെ മൊബൈൽ ഫോൺ ഉപയോഗത്തിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

## MHA- CITIZENSHIP

പൗരത്വ ഭേദഗതി നിയമം - 2026 സംബന്ധിച്ച വിജ്ഞാപനം കേന്ദ്ര സർക്കാർ പുറത്തിറക്കി. വിദേശ ഇന്ത്യക്കാർക്കുള്ള ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ - OCI കാർഡ്, പൗരത്വ അപേക്ഷകൾ എന്നിവ സംബന്ധിച്ച വ്യവസ്ഥകളിലാണ് മാറ്റങ്ങൾ വരുത്തിയിരിക്കുന്നത്. ഇതനുസരിച്ച്, പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് ഇന്ത്യൻ പാസ്പോർട്ടിനൊപ്പം മറ്റൊരു രാജ്യത്തിൻ്റെ പാസ്പോർട്ട് കൈവശം വെക്കാൻ സാധിക്കില്ല. OCI രജിസ്ട്രേഷൻ, റദ്ദാക്കൽ തുടങ്ങിയവയ്ക്കുള്ള അപേക്ഷകൾ ഇനി ഓൺലൈൻ പോർട്ടൽ വഴി മാത്രം സ്വീകരിക്കും. രേഖകൾ സമർപ്പിക്കുന്നതിന് ഇലക്ട്രോണിക് OCI സംവിധാനവും ഒരുക്കിയിട്ടുണ്ട്. കൂടാതെ, ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ പ്രോഗ്രാമിൻ്റെ ഭാഗമാകാൻ അപേക്ഷകർ ബയോമെട്രിക് വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സമ്മതപത്രവും നൽകണം.

## AMIT SHA - BUDDHA RELICS (INTRO)

ബുദ്ധ പൂർണിമ ദിനത്തിൽ ലേയിലെ ചോ-ഗ്ലാംസറിൽ ശ്രീബുദ്ധന്റെ വിശുദ്ധ തിരുശേഷിപ്പുക്കളുടെ പ്രദർശനവും ബുദ്ധ പൂർണിമ ആഘോഷ ങ്ങളും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു. 75 വർഷങ്ങൾക്ക് ശേഷമാണ് തിരുശേഷിപ്പുക്കളുടെ പ്രദർശനം നടക്കുന്ന തെന്നും ഇത് കേവലം മതപരമായ ചടങ്ങ് മാത്രമല്ലെന്നും ചരിത്ര പ്രധാന്യമുള്ള പുന:സമാഗമമാണെന്നും ശ്രീ അമിത് ഷാ പറഞ്ഞു.

**(ഹോൾഡ് വോയിസ്)**

ലേയിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബുദ്ധിസ്റ്റ് സ്റ്റഡീസിന്റെ സഹകരണത്തോടെ നിർമിക്കുന്ന ഡയറി പ്ലാന്റിന്റെ തറക്കല്ലിടലും കേന്ദ്ര ആഭ്യന്തര മന്ത്രി നിർവഹിച്ചു.

## PM- JABALPUR MISHAP

മധ്യപ്രദേശിലെ ജബൽപൂരിൽ ഉണ്ടായ ബോട്ടപകടത്തിൽ ദുഖം രേഖപ്പെടുത്തി ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണനും പ്രധാനമന്ത്രി നരേന്ദ്ര മോദിയും. മരിച്ചവരുടെ കുടുംബങ്ങൾക്ക് ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും

ധനസഹായം നല്കും. അപകടത്തിൽ 9 പേർ മരിക്കുകയും 11 പേരെ കാണാതാവുകയും ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## REV SC-PAWAN KHERA

അസം മുഖ്യമന്ത്രിയുടെ ഭാര്യക്കെതിരെ വ്യാജ പ്രസ്താവനകൾ നടത്തിയെന്ന ആരോപണവുമായി ബന്ധപ്പെട്ട മാനനഷ്ട കേസിൽ കോൺഗ്രസ് നേതാവ് പവൻ ഖേരയ്ക്ക് സുപ്രീം കോടതി ഉപാധികളോടെ മുൻകൂർ ജാമ്യം അനുവദിച്ചു. കേസുമായി ബന്ധപ്പെട്ട ഇരു വിഭാഗങ്ങളുടെയും ആരോപണങ്ങൾ പ്രഥമദൃഷ്ട്യാ രാഷ്ട്രീയ പ്രേരിതമാണെന്ന് പരമോന്നത കോടതി നിരീക്ഷിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## US ANTIQUITIES

14 ദശലക്ഷം ഡോളറിലേറെ മൂല്യമുള്ള മോഷ്ടിക്കപ്പെട്ട 657 പുരാവസ്തുക്കൾ ഇന്ത്യക്ക് തിരിച്ചു നൽകി അമേരിക്ക. മൻഹാട്ടൻ ഡിസ്ട്രിക്ട് അറ്റോർണിയാണ് ഇക്കാര്യം അറിയിച്ചത്. കള്ളക്കടത്ത് ശൃംഖലകൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് പുരാവസ്തുക്കൾ വീണ്ടെടുത്തത്.

❁❁❁❁❁❁❁❁❁❁❁❁❁

## UPI- (INTRO)

ഇന്ത്യയുടെ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തിയ, യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് അഥവാ UPI, ലോകത്തിലെ ഏറ്റവും വലിയ റിയൽ-ടൈം പേയ്മെന്റ് പ്ലാറ്റ്ഫോമെന്ന പദവിയിൽ.

**വിശദാംശങ്ങളിലേക്ക് ......**

**(VOICE)**

2016 ഏപ്രിൽ 11-ന് ആരംഭിച്ച യുപിഐ സംവിധാനം, സാമ്പത്തിക ഉൾച്ചേർക്കലിനും തടസ്സമില്ലാത്ത വ്യാപാരത്തിനും വലിയ കരുത്താണ് നൽകുന്നത്. ആരംഭിച്ച ആദ്യ മാസത്തിൽ 373 ഇടപാടുകൾ മാത്രമാണ് നടന്നത്, എന്നാൽ 2025-26 സാമ്പത്തിക വർഷത്തിൽ ഏകദേശം 24,162 കോടി ഇടപാടുകൾ യുപിഐ വഴി നടന്നു. നിലവിൽ പ്രതിദിനം ഏകദേശം 66 കോടി ഇടപാടുകളാണ് നടക്കുന്നത്. ഇന്ത്യയിലെ ഡിജിറ്റൽ സാമ്പത്തിക

ഇടപാടുകളുടെ 85 ശതമാനവും ഇപ്പോൾ യുപിഐ വഴിയാണ്. കൂടാതെ ലോകത്തിലെ മൊത്തം ഓൺലൈൻ സാമ്പത്തിക ഇടപാടുകളുടെ പകുതിയോളം UPI വഴിയാണ് കൈകാര്യം ചെയ്യുന്നത്.
**ന്യൂസ് ഡെസ്ക് ആകാശവാണി....**

## KERALA WEATHER

സംസ്ഥാനത്ത് വിവിധ ഇടങ്ങളിൽ ചൊവ്വാഴ്ച വരെ ഇടിമിന്നലോട് കൂടിയ മഴയക്ക് സാധ്യത. ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിലാണ് മഞ്ഞ ജാഗ്രതാ നിർദ്ദേശമുള്ളത്. അതേസമയം, വിവിധ ജില്ലകളിൽ പകൽ സമയങ്ങളിൽ ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

## MANGALA DEVI ACCIDENT

മംഗളാദേവി ക്ഷേത്രോത്സവത്തിനിടെ ഇടിമിന്നലേറ്റ് പോലീസുകാരൻ ഉൾപ്പെടെ 8 പേർക്ക് പരിക്ക്. ഇടുക്കി ഡിഎച്ച്ക്യുവിലെ സി.പി.ഒ. അൻസാർ, തിരുവനന്തപുരം ആഴിമല സ്വദേശി വിഷ്ണു, തൃശൂർ സ്വദേശിനി രമ്യ എന്നിവരാണ് പരിക്കേറ്റ മലയാളികൾ. മറ്റു മൂന്ന് പേർ തമിഴ്നാട് സ്വദേശികളാണ്. പരിക്കേറ്റ എല്ലാവരെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## DAY IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിനെതിരെ രാജസ്ഥാൻ റോയൽസിന് ബാറ്റിംഗ്. ജയ്പൂരിലെ സവായ് മാൻസിംഗ് സ്റ്റേഡിയത്തിലാണ് മത്സരം.

## REV. GOVT- EXPORT DUTY

ഡീസലിന്റെയും വിമാന ഇന്ധനത്തിന്റെയും കയറ്റുമതി തീരുവ കുറച്ച് കേന്ദ്രസർക്കാർ. ഡീസലിൻറെ കയറ്റുമതി തീരുവ ലിറ്ററിന് 23

രൂപയായും, വിമാന ഇന്ധനത്തിന് ലിറ്ററിന് 33 രൂപയുമായാണ് കുറച്ചത്. അതേസമയം, പെട്രോളിന് കയറ്റുമതി തീരുവയിൽ നിലവിലെ സ്ഥിതി തുടരും. ആഭ്യന്തര ഉപഭോഗത്തിനായി അനുവദിച്ച പെട്രോളിന്റെയും ഡീസലിന്റെയും നിലവിലുള്ള എക്സൈസ് തീരുവ നിരക്കുകളിൽ മാറ്റമുണ്ടാകില്ലെന്നും മന്ത്രാലയം അറിയിച്ചു.

## PETROL DIESEL PRICE

രാജ്യത്തെ പൊതുജനങ്ങൾക്കായി വിതരണം ചെയ്യുന്ന പെട്രോൾ, ഡീസൽ വിലയിൽ മാറ്റമില്ലെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്. ഇത് രാജ്യത്തെ മൊത്തം ഉപഭോഗത്തിന്റെ ഏകദേശം 90 ശതമാനമാണ്. ഗാർഹിക ആവശ്യങ്ങൾക്കുള്ള 14.2 കിലോ എൽ.പി.ജി സിലിണ്ടറുകളുടെ വിലയിലും മാറ്റം വരുത്തിയിട്ടില്ലെന്ന് കമ്പനി വ്യക്തമാക്കി. അതേസമയം, വാണിജ്യ സിലിണ്ടറുകളുടെ വില വർധനയിൽ പ്രതിഷേധിച്ച് കേരളത്തിൽ ഹോട്ടലുകൾ ബുധനാഴ്ച അടച്ചിട്ട് പ്രതിഷേധിക്കുമെന്ന് ഹോട്ടൽ ആൻറ് റസ്റ്റോറൻറ് അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു.

## IFFI - FESTIVAL DIRECTOR

പ്രശസ്ത സംവിധായകൻ ആഷുതോഷ് ഗോവാരിക്കർ 57-ാത് ഗോവ അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ അധ്യക്ഷനാകും. ചലച്ചിത്ര മേളയുടെ ഫെസ്റ്റിവൽ ഡയറക്ടർ ആവുക എന്നത് ഏറെ അഭിമാനവും സന്തോഷവും പകരുന്നതായി അദ്ദേഹം പ്രതികരിച്ചു. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം, ഗോവ സർക്കാർ എന്നിവരുമായി ചേർന്ന് പ്രവർത്തിക്കാൻ താൻ പ്രതിജ്ഞാബദ്ധം ആണെന്നും ശ്രീ.ആഷുതോഷ് ഗോവാരിക്കർ പറഞ്ഞു.